**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2738** **22-01-2021 - ൽ മറുപടിയ്ക്ക്**

**കാട്ടുപന്നികളെ വെടിവെക്കുന്നതിനുള്ള അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോർജ് എം .തോമസ് | | **Shri. K Raju**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | കൃഷിയിടത്തിലിറങ്ങി കാർഷിക വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവെക്കുന്നതിനുള്ള അനുമതി കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകൾക്ക് ലഭിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ; | (എ) | കൃഷിയിടത്തിലിറങ്ങി കാർഷിക വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവക്കുന്നതിനുള്ള അനുമതി സംസ്ഥാന വ്യാപകമായി നല്കിയിട്ടുള്ളതാണ്. കോഴിക്കോട് ജില്ലയിലെ 13 പഞ്ചായത്തുകൾക്കും ഒരു മുൻസിപ്പാലിറ്റിയ്ക്കും ഇത് ബാധകമാണ്. കാട്ടുപന്നികളുടെ ശല്യത്തിൽനിന്നും കർഷകരെ രക്ഷിക്കണമെന്ന സർക്കാർ തീരുമാനം അനുസരിച്ച് കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ചു കൊല്ലുവാൻ 18.05.2020-ലെ ജി.ഒ.(ആർ.റ്റി) നം. 111/2020/വനം സർക്കാർ ഉത്തരവും തുടർന്ന്, ടി ഉത്തരവിന്റെ കാലാവധി 6 മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചുകൊണ്ട് 18.11.2020-ൽ ജി.ഒ.(ആർ.റ്റി) നം.284/2020/വനം ഉത്തരവും പുറപ്പെടുവിച്ചിരുന്നു. കാട്ടുപന്നിയുടെ ശല്യം രൂക്ഷമായ പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട്, ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തയ്യാറാക്കിയ പട്ടികയിലെ സ്ഥലങ്ങളിൽ കാട്ടുപന്നികളെ മറ്റ് മാർഗ്ഗങ്ങളിൽകൂടി നശിപ്പിക്കുന്നത് സംബന്ധിച്ച പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രഖ്യാപിച്ചുകൊണ്ട് 11.01.2021-ൽ ജി.ഒ.(ആർ.റ്റി) നം.5/2021/വനം സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ശല്യം രൂക്ഷമായ മറ്റു പഞ്ചായത്തുകൾക്കും അനുമതി ലഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | ഇത് സംബന്ധിച്ച് പരാതി ലഭിക്കുന്നമുറക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ